**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6284** **10-07-2024 - ൽ മറുപടിയ്ക്ക്**

**മോന്താലിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വടകര മണ്ഡലത്തിലെ മോന്താലിൽ മാഹി പുഴയിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് മൂലം പ്രദേശത്തെ കൃഷി വ്യാപകമായി നശിക്കുന്നതും കർഷകർ ദുരിതത്തിൽ ആയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവിടെ റെഗുലേറ്റർ നിർമ്മിക്കാതെ പുഴയുടെ ആഴം വർദ്ധിപ്പിച്ചതിനാൽ മാഹി അഴിമുഖത്ത് നിന്നും കടൽ വെള്ളം പുഴയിലേക്ക് കയറുന്നതു മൂലം കിണറുകളിലെ കുടിവെള്ളം മലിനമായത്<br>പരിശോധിക്കുകയുണ്ടായോ; | (ബി) | പ്രസ്തുത സ്ഥലത്ത് പുഴയുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ജലവിഭവ വകുപ്പ് നിർവ്വഹിച്ചിട്ടില്ല. |
| (സി) | മോന്താലിൽ ഉപ്പുവെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | മോന്താലിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കാവുന്നതാണ്. പ്രസ്തുത സ്ഥലം ഇൻലാന്റ് നാവിഗേഷൻ ഫീഡർ കനാൽ റൂട്ട് ആയതിനാൽ നാവിഗേഷൻ ലോക്കോടു കൂടിയ ഒരു ലോക്ക് കം റെഗുലേറ്റർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | ഇതിനായി ആകെ എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | പ്രസ്തുത പ്രവൃത്തിക്കായി ഏകദേശം 60 കോടി രൂപ ചെലവ് വരുന്നതാണ്. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് വിശദമായ ഡിസൈൻ ലഭ്യമായാൽ മാത്രമെ വ്യക്തമായ തുക നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | പ്രദേശവാസികളുടെ കുടിവെള്ളത്തെയും കൃഷിയിടങ്ങളെയും ഗുരുതരമായി ബാധിക്കുന്ന പ്രശ്നത്തിന് പരിഹാരമെന്ന നിലക്ക് അടിയന്തരമായി ഫണ്ട് അനുവദിച്ച് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | മോന്താലിൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നം പരിഹരിക്കുന്നതിനായി ലോക്ക് കം റെഗുലേറ്റർ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അടിയന്തിരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ